(എ) ൧൯൫൩-ൽ ഈ സംസ്ഥാനത്തുനിന്നും ആകെ എത്ര പറ നെല്ല് ഗവൺമെൻറിലേയ്ക്ക് എടുത്തിട്ടുണ്ടെന്നും അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് എത്രയാണെന്നും പറയാമോ;

(ബി) ൧൯൫൧ ഏപ്രിൽ മുതൽ സെപ്റ്റംബർവരെ ഈ സംസ്ഥാനത്തുനിന്നും എടുത്തിട്ടുള്ള നെല്ല് എത്രപറ; അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് എത്ര പറയാണ്.

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഈ സംസ്ഥാനത്തുനിന്നും ൧൯൫൩-ൽ ആകെ എടുത്തതു് ൨,൩൫,൪൭,൪൫,൩൩൫ പറ നെല്ല്. അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും ൭൫,൦൫,൭൩൫ പറ.

(ബി) ൧൯൫൧ ഏപ്രിൽ മുതൽ സെപ്റ്റംബർ ൨൯-ാം തീയതിവരെ ആകെ ൫൩,൪൨,൪൫൨ പറ. തിരുവിതാംകൂറിൽ നിന്നും എടുത്തിട്ടുള്ളതു് ൨൦,൯൭,൭൩൩ പറ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ ലെവി സിസ്റ്റം നടപ്പിലാക്കിയതിൽപിന്നെ തിരുവിതാംകൂറിൽനിന്നും കൂടുതൽ നെല്ലെടുക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: തിരുവിതാംകൂർ വിഭാഗത്തുനിന്നും കൂടുതലാണ് എടുത്തിട്ടുള്ളതു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: മൻകൊല്ലങ്ങളിൽ കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലായിട്ടാണോ എടുത്തിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: തലേകൊല്ലത്തിൽ കിട്ടിയതിൽനിന്നും കൂടുതലായിട്ടാണ് കിട്ടിയിട്ടുള്ളതു്. ലെവി സിസ്റ്റം ഉണ്ടാകുന്നതിനു മുമ്പേ കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: കൊച്ചി വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് വളരെ കുറവാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: കുറച്ചു കുറവാണെന്ന് ഞാൻ ഇതിനുമുൻപേ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ പ്രൊക്യുവർ ചെയ്തിട്ടുള്ളതു് വിളവിൻറെ എത്ര ശതമാനമാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: ഏകദേശം ൫൫ ശതമാനം.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കുട്ടനാടൻ പ്രദേശത്തുനിന്നും നിശ്ചിത വ്യവസ്ഥയിൽനിന്നും കൂടുതൽ നെല്ല് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അവിടെ മട വീണതെല്ലാം പരിഗണിച്ചു നോക്കുമ്പോൾ കൂടുതലായിട്ടാണ് കിട്ടിയിരിക്കുന്നതു്.

വേമ്പനാട്ടുകായൽ പദ്ധതി

*൨൯൯. (൨൫) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി പൂർത്തിയായിട്ടുണ്ടോ?

(ബി) അതിനുവേണ്ടി ആകെ എത്ര രൂപാ ഇതിനകം ചെലവുചെയ്തിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയനുസരിച്ചുള്ള ബണ്ട് കെട്ടുന്നതിനു് ആകെ എത്ര രൂപാ വേണ്ടിവരും?

ധനകാര്യവും, ക്ഷേമവും, വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ടു്.

(ബി) നടപടി ക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) ഏകദേശം ഒരു ലക്ഷം രൂപാ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ കഴിഞ്ഞ ബഡ്ജറ്റിൽ ഈ ആവശ്യത്തിനുവേണ്ടി ആകെ എത്ര രൂപാ നീക്കിവെച്ചിട്ടുണ്ടു്?

ശ്രീ. കെ. എം. കോര: ഏകദേശം ഒരു ലക്ഷം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ആഫീസർ ആരാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: ശ്രീ. വൈദ്യനാഥൻ ആണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അദ്ദേഹം ഇതുസംബന്ധിച്ചു വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: സമർപ്പിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ പദ്ധതി വിജയപ്രദമാകുമോ?

ശ്രീ. കെ. എം. കോര: വിജയപ്രദമാണു്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ പദ്ധതി നിറുത്തിവെയ്ക്കണമെന്നു ഗവൺമെൻറാലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

കോൺക്രീറു് റോഡു്

*൨൯൪. (൧൯) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ സംസ്ഥാനത്തു ആകെ എത്ര മൈൽ ദൂരത്തിൽ റോഡു് കോൺക്രീറു് ചെയ്തുകഴിഞ്ഞു?

(ബി) ഇതിനു് ആകെ ചെലവായ രൂപാ എത്ര?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഒമ്പതു മൈൽ, ഒരു ഫർലാങ്ങു് രണ്ടു രണ്ടര അടി.

(ബി) ഒമ്പതു, രണ്ടു ലക്ഷത്തി നാല്പത്തൊന്നു രൂപാ ഒരണ. ഏകദേശം.

ശ്രീ. പി. കെ. കുമാരൻ ആചാരി: കോട്ടയത്തുനിന്നും ഏറ്റുമാനൂരേക്കുള്ള റോഡു് മുഴുവൻ കോൺക്രീറു് ചെയ്യാൻ തീർക്കുന്നതിനാലോചിക്കുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാ സ്ഥലത്തും റോഡു് കോൺക്രീറു് ചെയ്യണമെന്നാണു് ഗവൺമെൻറിൻറെ ആഗ്രഹം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ഒമ്പതു മൈൽ എന്നു പറഞ്ഞതു് കന്യാകുമാരി മുതൽ പല സ്ഥലത്തുമായിട്ടാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പല സ്ഥലത്തുമാണു്.

Sahib Bahadur A. Abdul Razaak: May I know the portion of the road which was concreted subsequent to the year 1947?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കോട്ടയം ഡിവിഷനിലുമുണ്ടു് തൃശ്ശിവപേരൂർ ഡിവിഷനിലുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly